LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ച പ്ലാൻ ഫണ്ട് എല്ലാ വികസന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നതിനുള്ള അനുവാദം

110 [1687] ശ്രീ. കെ. പി. മോഹനൻ:
,, സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് 2004-2005 വാർഷിക പദ്ധതി രൂപീകരണത്തിന് ഏതെല്ലാം വിഭാഗം ഫണ്ട് അനുവദിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് ഏതെല്ലാം വിഭാഗങ്ങൾക്കായി നീക്കിവെച്ചിട്ടുണ്ട്;

(സി) ഇതിൽ ആർ.ഐ.ഡി.എഫ്. വിഹിതം ഏതെല്ലാം പ്രവൃത്തികൾക്ക് വകയിരുത്താമെന്ന് വിശദീകരിക്കാമോ;

(ഡി) ആർ.ഐ.ഡി.എഫ്. വിഹിതം റോഡുകൾക്ക് മാത്രം എന്നതുമാറ്റി ബ്ലോക്കിലെ മറ്റ് എല്ലാ വികസനപ്രവർത്തനങ്ങൾക്കുംകൂടി ഉപയോഗിക്കുവാൻ അനുവാദം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് 2004-2005 വാർഷിക പദ്ധതി രൂപീകരിക്കുന്നതിനായി പൊതുവിഭാഗം, പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളിലായി പദ്ധതിവിഹിതം നൽകുന്നു. പൊതുവിഭാഗം ഫണ്ടിൽ സാധാരണ വിഹിതം, ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് എന്നിവ ഉൾപ്പെടുന്നു.

(ബി) പൊതുവിഭാഗം, പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളിലെ ഫണ്ടുകൾ ഉൾപ്പെടുന്നതാണ് ആകെ പദ്ധതി വിഹിതം. ആകെ പദ്ധതിവിഹിതത്തിന്റെ 10 ശതമാനം എങ്കിലും വനിതാ ഘടക പദ്ധതിയ്ക്കും, ആകെ പദ്ധതിവിഹിതത്തിന്റെ 5 ശതമാനം തുക ശിശുക്കൾ, വൃദ്ധജനങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ മുതലായ പ്രത്യേക വിഭാഗങ്ങളുടെ പദ്ധതികൾക്കായും തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ടതുണ്ട്.

(സി) ഗ്രാമീണ പശ്ചാത്തല വികസന ഫണ്ടിൽ നിന്നുള്ള വിഹിതം ഉപയോഗിച്ച് താഴെപ്പറയുന്ന മേഖലകളിലെ സാമാന്യം വലിയ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

1. ജലസേചന മേഖല:

ചെക്ക് ഡാമുകൾ, ചെറുകിട ജലസേചന പ്രോജക്ടുകൾ, നീർത്തടാധിഷ്ഠിത മണ്ണുസംരക്ഷണ പ്രവൃത്തികൾ, ലിഫ്റ്റ് ഇറിഗേഷൻ, മഴ കുറവായ പ്രദേശങ്ങളിൽ കണിക ജലസേചനത്തിനും സ്പ്രിംഗ്ലർ ജലസേചനത്തിനും സംവിധാനങ്ങൾ, മഴയെ ആശ്രയിച്ചുള്ള കൃഷിഭൂമിയിലെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ജലസേചനത്തിന് ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾ തുടങ്ങിയവ.

2. വെള്ളപ്പൊക്ക നിയന്ത്രണം:

ബണ്ടുകൾ നിർമ്മിക്കുക, ജലം ഒഴുകിപ്പോകുന്നതിന് സൗകര്യം എന്നിങ്ങനെ കൃഷിയ്ക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ തുടങ്ങിയവ.

3. കൃഷിയും അനുബന്ധമേഖലകളും:

നീർത്തട വികസന പ്രോജക്ടുകൾ, ഗുണനിലവാരമുള്ള വിത്തുകളുടെയും തൈകളുടെയും ഉൽപാദനം, ഖരമാലിന്യം ഉപയോഗിച്ച് ജൈവവളം, ഊർജ്ജം എന്നിവയുടെ ഉൽപാദനം, മണ്ണ് പരിശോധനാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കാർഷിക കോൽപ്പന്നങ്ങൾക്ക് സംഭരണ ശാലകൾ, വിൽപനശാലകൾ, ഫുഡ് പ്രോസസ്സിംഗ് പാർക്കുകൾ, മൃഗാശുപത്രികൾക്ക് പശ്ചാത്തല സൗകര്യം, ഫിഷ്‌ലാന്റിംഗ് സെന്ററുകൾക്ക് പശ്ചാത്തല സൗകര്യം, മത്സ്യകൃഷിക്ക് പശ്ചാത്തല സൗകര്യം തുടങ്ങിയവ.

4. വൈദ്യുതി മേഖല:

പ്രാദേശിക സാങ്കേതിക വിദ്യ ഉപയോഗിച്ച് മൈക്രോ ജലവൈദ്യുതി, സൗരോർജ്ജം തുടങ്ങിയവയിൽ നിന്ന് വൈദ്യുതി ഉൽപാദന പ്രോജക്ടുകൾ.

5. സാമൂഹ്യ വികസന മേഖല:

ഗ്രാമീണ കുടിവെള്ള പ്രോജക്ടുകൾ, ആരോഗ്യ കേന്ദ്രങ്ങൾക്ക് പശ്ചാത്തല സൗകര്യങ്ങൾ, സ്കൂളുകൾക്ക് പശ്ചാത്തല സൗകര്യങ്ങൾ, ഗ്രാമപ്രദേശങ്ങളിലെ ഇ-ഗവേണൻസ് ഉദ്യമങ്ങൾ തുടങ്ങിയവ.

6. ഗ്രാമീണ സമ്പർക്ക സൗകര്യങ്ങൾ:

റോഡുകൾ, പാലങ്ങൾ, ഗ്രാമീണ മാർക്കറ്റുകൾ തുടങ്ങിയവ.

(ഡി) ആർ.ഐ.ഡി.എഫ്. വിഹിതം റോഡുകൾക്ക് മാത്രമല്ലാതെ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ജലസേചനം, വെള്ളപ്പൊക്ക നിയന്ത്രണം, കൃഷിയും അനുബന്ധ മേഖലകളും, വൈദ്യുതി, സാമൂഹ്യ വികസനം, ഗ്രാമീണ സമ്പർക്ക സൗകര്യങ്ങൾ എന്നീ മേഖലകളിലെ പ്രോജക്ടുകൾക്കുവേണ്ടി വിനിയോഗിക്കാവുന്നതാണ്.

പഞ്ചായത്തുവകുപ്പിൽ ഓവർസിയർ ഗ്രേഡ്-3 തസ്തികയിലേക്കുള്ള നിയമനം

111 [1688] ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ഓവർസിയർ ഗ്രേഡ്-3 തസ്തികയിലേക്ക് ഇപ്പോൾ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചു;

(ബി) പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തപക്ഷം ആയത് ഉടൻ റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ—സി) പഞ്ചായത്തുകളിൽ ഓവർസിയർമാരിൽ 3-ാം ഗ്രേഡ് എന്ന തസ്തിക ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly